# കേരള സർവകലാശാല

നം.പി.ആർ.212/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഫീസ് തീയതി : പുനഃക്രമീകരിച്ചു

കേരള സർവകലാശാലയുടെ പരീക്ഷാഫീസുകൾ അടയ്ക്കേണ്ട അവസാന തീയതികളായി നിശ്ചയിച്ചിട്ടുള്ള നവംബർ ഒമ്പത്, 10 തീയതികൾ പിഴകൂടാതെ നവംബർ 14 (50 രൂപ പിഴയോടെ നവംബർ 15, 250 രൂപ പിഴയോടെ നവംബർ 16) എന്ന രീതിയിൽ പുനഃക്രമീകരിച്ചിരിക്കുന്നു.

### ബി.എച്ച്.എം ടൈംടേബിൾ

കേരള സർവകലാശാല നടത്തുന്ന രണ്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി (2014, 2011 & 2006 സ്കീം) പ്രാക്ടിക്കൽ നവംബർ 14 മുതൽ തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### മെഗാ പ്ലേസ്മെന്റ് ഫെയർ

കേരള സർവകലാശാല പ്ലേസ്മെന്റ് സെൽ-ന്റെ ആഭിമുഖ്യത്തിൽ നവംബർ 27-ന് ഒരു മെഗാ പ്ലേസ്മെന്റ് ഫെയർ നടത്തുന്നു. സർവകലാശാല നേരിട്ട് നടത്തുന്ന പഠനവകുപ്പുകളിലെ അവസാന വർഷ ബിരുദ - ബിരുദാനന്തര വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കും കാര്യവട്ടം യൂണിവേഴ്സിറ്റി എൻജിനീറിംഗ് കോളേജിന് പുറമെ തിരുവനന്തപുരത്തെ സർക്കാർ, സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകളിലെ അവസാന വർഷ ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്കും, യു.ഐ.ടി, യു.ഐ.എം, ടീച്ചർ എഡ്യൂക്കേഷൻ സെന്റർ എന്നിവിടങ്ങളിലേയും അവസാന ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്കും ഈ മെഗാ പ്ലേസ്മെന്റ് ഫെയറിൽ പങ്കെടുക്കാം. കൂടാതെ സർവകലാശാലയുടെ വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ വരുന്ന അവസാന വർഷ ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്കും പങ്കെടുക്കാം. താൽപര്യമുള്ളവർ സർവകലാശാലയുടെ പ്ലേസ്മെന്റ് പോർട്ടലിൽ (http://placement.keralauniversity.ac.in) ഉള്ള രജിസ്ട്രേഷൻ ഫോം ഓൺലൈനായി സമർപ്പിക്കണം. ഓൺലൈൻ അപേക്ഷയോടൊപ്പം ബയോഡേറ്റയുടെ പകർപ്പും അപ്ലോഡ് ചെയ്യാം.

### മാർക്ക്ലിസ്റ്റ് കൈപ്പറ്റണം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ഏപ്രിലിൽ നടത്തിയ മാസ്റ്റർ ഓഫ് ലൈബ്രറി സയൻസ് പരീക്ഷയുടെ മാർക്ക്ലിസ്റ്റ് നവംബർ 14-ന് പാളയം എസ്.ഡി.ഇ ഓഫീസിൽ നിന്നും ഹാൾടിക്കറ്റ് ഹാജരാക്കി കൈപ്പറ്റണം.

### ദ്വിദിന ദേശീയ സെമിനാർ

കേരള സർവകലാശാല അന്താരാഷ്ട്ര കേരള പഠനകേന്ദ്രം ഡിസംബർ ഏഴ്, എട്ട് തീയതികളിൽ രൂപങ്ങളും അടയാളപ്പെടുത്തലും കേരളീയ കലാപാരമ്പര്യത്തിൽ എന്ന വിഷയത്തിൽ ദ്വിദിന സെമിനാർ നടത്തുന്നു. പ്രബന്ധങ്ങൾ അവതരിപ്പിക്കാൻ താൽപര്യമുള്ളവർ വിഷയം നവംബർ

15-നകവും പ്രബന്ധ സംഗ്രഹം നവംബർ 25-നകവും ഇ-മെയിൽ (keralastudies@gmail.com) ചെയ്യണം. ഫോൺ. 9447552876, 9447463023.

## ബി.എസ്സി നഴ്സിംഗ്

കേരള സർവകലാശാല ഡിസംബർ ഏഴിന് തുടങ്ങുന്ന മൂന്നാം വർഷ ബി.എസ്സി നഴ്സിംഗ് (സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ നവംബർ 17 (50 രൂപ പിഴയോടെ നവംബർ 19, 250 രൂപ പിഴയോടെ നവംബർ 21) വരെ അപേക്ഷിക്കാം. 2008-ന് മുമ്പ് അഡ്മിഷൻ നേടിയവർ ഈ പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ടതില്ല.

## ശാസ്ത്ര ഷോർട്ട് ഫിലിം മത്സരം

കേരള സർവകലാശാല ബ്രിട്ടീഷ് കൗൺസിലും കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റും സംയുക്തമായി നടത്തുന്ന ഫെയിം ലാബ് മത്സരം തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ നടത്തും. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രശസ്ത ശാസ്ത്രജ്ഞൻ പ്രൊഫ. ഇയാൻ സ്റ്റുവേർട്ട് കാര്യവട്ടം കാമ്പസിൽ വച്ച് പരിശീലനം നൽകും. താൽപര്യമുള്ളവർ നവംബർ 15-നകം അവരവർക്ക് താൽപര്യമുള്ള ഏതെങ്കിലും ശാസ്ത്ര സാങ്കേതിക വിഷയങ്ങളെക്കുറിച്ച് മൂന്ന് മിനിട്ട് ദൈർഘ്യമുള്ള വീഡിയോ (മൊബൈലിലോ/ മറ്റ് ക്യാമറയിലോ) നിർമ്മിച്ച് വെബ്സൈറ്റിൽ (https://britishcouncil.in/programmes/higher-education/famelab) അപ്‌ലോഡ് ചെയ്യണം.

## എം.ഫിൽ ഫിസിക്സ് വൈവ

കേരള സർവകലാശാല രണ്ടാം സെമസ്റ്റർ എം.ഫിൽ ഫിസിക്സ് 2015-16 ബാച്ച് (യൂണിവേഴ്സിറ്റി കോളേജ്) വൈവ നവംബർ 11, 16 തീയതികളിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ഫിസിക്സ് പഠനവകുപ്പിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ടി.വി ന്യൂസ് ജേർണലിസം ഫലം

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തിയ പോസ്റ്റ് ഗ്രാജുവേറ്റ് സർട്ടിഫിക്കറ്റ് ഇൻ ടി.വി ന്യൂസ് ജേർണലിസം കോഴ്സിന്റെ ഫലം പ്രസിദ്ധീകരിച്ചു. ശാരദ പി (രജി.നം 10452) ഒന്നാം റാങ്ക് നേടി.

## ടി.വി ന്യൂസ് റീഡിംഗ് ആൻഡ് കോംപിയറിംഗ് ഫലം

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തിയ സർട്ടിഫിക്കറ്റ് ഇൻ ടി.വി ന്യൂസ് റീഡിംഗ് ആൻഡ് കോംപിയറിംഗ് കോഴ്സിന്റെ ഫലം പ്രസിദ്ധീകരിച്ചു. സജ്ജാദ് എ (രജി.നം 10678) ഒന്നാം റാങ്ക് നേടി.

## ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് : സീറ്റൊഴിവ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം ആറ്റിങ്ങൽ ഗവ. കോളേജിൽ നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. കോഴ്സ് കാലാവധി ആറ് മാസം. യോഗ്യത പ്ലസ് ടു. ക്ലാസ് ശനി, ഞായർ ദിവസങ്ങളിൽ നടത്തും. താൽപര്യമുള്ളവർ ആറ്റിങ്ങൽ ഗവ. കോളേജിലെ സി.എ.സി.ഇ.ഇ

ഓഫീസുമായി ബന്ധപ്പെടുക. അപേക്ഷ ഫീസ് 110 രൂപ. ഫോൺ. 8129418236, 9495476495.

**എം.ബി.എ വൈവ മാറ്റി**

കേരള സർവകലാശാല നവംബർ 10-ന് നടത്താനിരുന്ന നാലാം സെമസ്റ്റർ എം.ബി.എ (2014 സ്കീം) വൈവ മാറ്റി. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
09.11.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**